# കേരള സർവകലാശാല

നം. പി.ആർ.250/2017 ഫോൺ : 2305738

## പത്രക്കുറിപ്പ്

## പി.ജി പ്രവേശനം 2017–18 : നാലാം സപ്ലിമെന്ററി അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചു – നവംബർ 17,18 തീയതികളിൽ കോളേജ് പ്രവേശനം

കേരള സർവകലാശാല 2017–2018 അദ്ധ്യയന വർഷത്തെ പി.ജി. പ്രവേശനത്തിനുള്ള നാലാം സപ്ലിമെന്ററി അലോട്ട്മെന്റ് (www.admissions.keralauniversity.ac.in) പ്രസിദ്ധീകരിച്ചു. ആപ്ലിക്കേഷൻ നമ്പരും പാസ്‌വേർഡും ഉപയോഗിച്ച് ലോഗിൻ ചെയ്ത് അപേക്ഷകർ തങ്ങളുടെ അലോട്ട്മെന്റ് പരിശോധിക്കേണ്ടതാണ്. അലോട്ട്മെന്റ് ലഭിച്ച അപേക്ഷകർ അഡ്മിഷൻ ഫീസ് അടയ്ക്കുന്നതിനുള്ള ചലാൻ പ്രിന്റൗട്ട് എടുത്ത് എസ്.ബി.ഐയുടെ ഏതെങ്കിലും ശാഖയിൽ ഫീസ് അടയ്ക്കണം. അഡ്മിഷൻ ഫീസ് ജനറൽ വിഭാഗത്തിന് 900 രൂപയും എസ്.സി/എസ്.ടി/ഒ.ഇ.സി വിഭാഗത്തിന് 340 രൂപയും ആണ്. മുൻ അലോട്ട്മെന്റുകളിൽ പ്രവേശനം ലഭിച്ച് അഡ്മിഷൻ ഫീസ് ഒടുക്കിയവർ വീണ്ടും അഡ്മിഷൻ ഫീസ് ഒടുക്കേണ്ടതില്ല. അഡ്മിഷൻ ഫീസ് ഒടുക്കിയ അപേക്ഷകർ ഫീസടച്ചതിന്റെ വിവരം വെബ്സൈറ്റിൽ നൽകിയ ശേഷം അലോട്ട്മെന്റ് മെമ്മോ ഡൗൺലോഡ് ചെയ്യേണ്ടതാണ്. അലോട്ട്മെന്റ് ലഭിച്ച കോളേജ്, കോഴ്സ്, കാറ്റഗറി, അഡ്മിഷൻ എടുക്കേണ്ട തീയതി എന്നിവ അലോട്ട്മെന്റ് മെമ്മോയിൽ ഉണ്ടായിരിക്കും. 2017 നവംബർ 17,18 തീയതികളിലായി അതത് കോളേജുകളിൽ ഹാജരായി അഡ്മിഷൻ എടുക്കേണ്ടതാണ്. യോഗ്യത തെളിയിക്കുന്ന അസ്സൽ സർട്ടിഫിക്കറ്റുകൾ സഹിതം (കൂടുതൽ വിവരങ്ങൾക്ക് അലോട്ട്മെന്റ് മെമ്മോ കാണുക) മെമ്മോയിൽ പ്രസ്താവിച്ചിരിക്കുന്ന ദിവസം കോളേജിൽ ഹാജരായി അഡ്മിഷൻ എടുക്കേണ്ടതാണ്. അലോട്ട്മെന്റ് മെമ്മോയിൽ പറഞ്ഞിരിക്കുന്ന സമയത്ത് അതത് കോളേജുകളിൽ അഡ്മിഷൻ എടുക്കാത്ത അപേക്ഷകരുടെ അലോട്ട്മെന്റ് റദ്ദാകുന്നതാണ്. മുൻപുള്ള അലോട്ട്മെന്റുകളിൽ കോളേജുകളിൽ അഡ്മിഷൻ നേടിയവർക്ക് നാലാം സപ്ലിമെന്ററി അലോട്ട്മെന്റ് പ്രകാരം തങ്ങളുടെ ഹയർ ഓപ്ഷനുകളിലേതിലെങ്കിലും പുതിയ അലോട്ട്മെന്റ് ലഭിച്ചിട്ടുണ്ടെങ്കിൽ ഇപ്പോൾ പഠിച്ചു കൊണ്ടിരിക്കുന്ന കോളേജിൽ നിന്നും ടി.സി. വാങ്ങിയ ശേഷം പുതിയ അലോട്ട്മെന്റ് പ്രകാരമുള്ള കോളേജിൽ അഡ്മിഷൻ എടുക്കേണ്ടതാണ്.

*(എല്ലാ എഡിഷനുകളിലും പ്രസിദ്ധീകരിക്കുന്നതിന്)*

## ബി.കോം മാർക്ക് ലിസ്റ്റുകൾ കൈപ്പറ്റണം

കേരള സർവകലാശാല വിദൂര വിദ്യാഭ്യാസ വിഭാഗം നടത്തിയ ബി.കോം കമ്പ്യൂട്ടർ ആപ്ലിക്കേഷൻ ഡിഗ്രി കോഴ്സിന്റെ മൂന്നാം വർഷ മാർക്ക് ലിസ്റ്റുകൾ (റഗുലർ) തിരുവനന്തപുരം ജില്ലാ കേന്ദ്രങ്ങളിൽ പരീക്ഷ എഴുതിയ വിദ്യാർത്ഥികൾ എസ്.ഡി.ഇ ഓഫീസിൽ നിന്നും ഫാത്തിമാ മെമ്മോറിയൽ നാഷണൽ കോളേജിൽ പരീക്ഷ എഴുതിയ വിദ്യാർത്ഥികൾ അവിടെ നിന്നും പുനലൂർ സെന്റ് ഗോറേത്തി എച്ച്.എസ്.എസ്, പരീക്ഷ എഴുതിയവർ പുനലൂർ എസ്.എൻ.കോളേജ് നിന്നും ചെങ്ങന്നൂർ ക്രിസ്ത്യൻ കോളേജ് പരീക്ഷ എഴുതി

യവർ അവിടെ നിന്നും മറ്റുള്ള കേന്ദ്രങ്ങളിൽ പരീക്ഷ എഴുതിയവർ ചേർത്തല എസ്.എൻ കോളേജ് നിന്നും കൈപ്പറ്റേണ്ടതാണ്.

## എം.എസ്‌സി പ്രാക്ടിക്കൽപരീക്ഷകൾ

കേരള സർവകലാശാല ആഗസ്റ്റിൽ നടത്തിയ രണ്ടാം സെമസ്റ്റർ എം.എസ്‌സി ഫിസിക്സ് പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ നവംബർ 29 ന് ആരംഭിക്കും. വിശദമായ ടൈംടേബിൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

കേരള സർവകലാശാല ആഗസ്റ്റിൽ നടത്തിയ രണ്ടാം സെമസ്റ്റർ എം.എസ്‌സി കെമിസ്ട്രി/അനലിറ്റിക്കൽ/അപ്ലൈഡ്/മെഡിസിനൽ കെമിസ്ട്രി പരീക്ഷകളുടെ പ്രാക്ടിക്കൽ പരീക്ഷകൾ നവംബർ 27 ന് ആരംഭിക്കും. വിശദമായ ടൈംടേബിൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## എം.എഡ് ടൈംടേബിൾ

കേരള സർവകലാശാല ഡിസംബർ അഞ്ചിന് ആരംഭിക്കുന്ന ഒന്നാം സെമസ്റ്റർ എം.എഡ് (ദ്വിവത്സര പ്രോഗ്രാം -2015 സ്കീം- റഗുലർ ആന്റ് സപ്ലിമെന്ററി) ഡിഗ്രി പരീക്ഷയുടെ ടൈംടേബിൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## ബി.എ/ബി.കോം പ്രൈവറ്റ് രജിസ്ട്രേഷൻ

കേരള സർവകലാശാല 2018-2020 വർഷത്തിലെ ബി.എ (സോഷ്യോളജി)/ബി.കോം (ടാക്സേഷൻ, കോർപ്പറേഷൻ) എന്നീ വാർഷിക കോഴ്സുകൾക്ക് പ്രൈവറ്റ് രജിസ്ട്രേഷന് നവംബർ 20 മുതൽ അപേക്ഷിക്കാം. അപേക്ഷകൾ ഡിസംബർ 20 വരെ പിഴ കൂടാതെ സ്വീകരിക്കും. വിശദവിവരങ്ങൾ (www.keralauniversity.ac.in) വെബ്സൈറ്റിൽ നവംബർ 20 മുതൽ ലഭിക്കും.

## സൂക്ഷ്മപരിശോധന: വിദ്യാർത്ഥികൾ ഹാജരാകണം

കേരള സർവകലാശാല 2016 ഡിസംബറിൽ നടത്തിയ ബി.എ മൂന്നാം സെമസ്റ്റർ (സി.ബി.സി.എസ്.എസ്) പരീക്ഷയുടെ സൂക്ഷ്മപരിശോധനയ്ക്കുവേണ്ടി ഓൺലൈനായും ഓഫ്‌ലൈനായും അപേക്ഷിച്ചിട്ടുള്ള വിദ്യാർത്ഥികൾ ഹാൾടിക്കറ്റുമായി ഇ.ജെ V അസെക്ഷനിൽ (റീവാല്യുവേഷൻ) നവംബർ 18 മുതൽ 25 വരെയുള്ള പ്രവർത്തി ദിനങ്ങളിൽ ഹാജരാകേണ്ടതാണ്.

(എല്ലാ എഡിഷനുകളിലും പ്രസിദ്ധീകരിക്കുന്നതിന്)

തിരുവനന്തപുരം.
17.11.2017

പബ്ലിക് റിലേഷൻസ് ഓഫീസർ

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ

e-mail: ku.release@gmail.com website: www.keralauniversity.ac.in

University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098